ഉത്തരം

(എ) ഉണ്ട്. സർക്കാരും നിയമസഭയുടെ വനവും പരിസ്ഥിതിയും വിനോദസഞ്ചാരവും സംബന്ധിച്ച വിഷയനിർണ്ണയ സമിതിയും ഉത്തരവാദിത്വ ടൂറിസം പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ട്. ഓരോ കേന്ദ്രങ്ങളിലേയും പ്രവർത്തനങ്ങൾ കാലാകാലങ്ങളിൽ വിലയിരുത്തിയാണ് കിറ്റ്സ് ഈ പദ്ധതി മുന്നോട്ട് കൊണ്ടുപോകുന്നത്.

(ബി) തുകയുടെ വിനിയോഗം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

വർഷം	അനുവദിച്ച തുക	വിനിയോഗിച്ച തുക	പദ്ധതി
2011-12	1.29 കോടി	1.29 കോടി	Roll out of Responsible Tourism Initiative
2012-13	1.68 കോടി	1.50 കോടി	Strengthening and Broad basing Responsible Tourism Initiative
2013-14	1.25 കോടി	1.25 കോടി	Responsible Tourism Classification പദ്ധതി Responsible Tourism ബോധവൽക്കരണം
2014-15	1 കോടി	1 കോടി	Reinforcing Responsible Tourism Initiative

ഇതിന് പുറമേ 2015-16-ൽ "GOD'S OWN COUNTRY-PEOPLE'S OWN TOURISM" പദ്ധതിക്ക് 25 ലക്ഷം രൂപയും Community Industry-Interface ശക്തമാക്കുന്നതിന് ഒരു കോടി രൂപയും അനുവദിക്കുകയുണ്ടായി. ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

വിനോദസഞ്ചാര വകുപ്പ് മുഖേന വികസന പദ്ധതികൾ

335(1036) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലയളവിൽ വിനോദസഞ്ചാര വകുപ്പ് മുഖേന ഇടുക്കി നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ വികസന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതികൾക്കായി കഴിഞ്ഞ അഞ്ചുവർഷങ്ങളിലായി വകയിരുത്തിയ തുക, ചെലവഴിച്ച തുക എന്നിവ എത്രയെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

GPM. 2/238/2020-53

LIBRARY ARCHIVES Kerala Legislative Assembly

(സി) പ്രസ്തുത പദ്ധതികളിൽ ഇനിയും പൂർത്തിയാക്കാനുള്ളവ ഏതെല്ലാമെന്നും അതിന് എത്ര തുക വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

മാലിന്യമുക്ത ടൂറിസ്റ്റ് കേന്ദ്രങ്ങൾ

336(1037) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്കസമുദായ ക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ടൂറിസ്റ്റ് കേന്ദ്രങ്ങൾ മാലിന്യ കേന്ദ്രങ്ങളായി മാറുന്നുവെന്ന തരത്തിലുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിദേശികൾ ഉൾപ്പെടുന്ന സംഘം കോവളം തീരത്തെ മാലിന്യം നീക്കം ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ടൂറിസ്റ്റ് കേന്ദ്രങ്ങൾ മാലിന്യനിക്ഷേപ കേന്ദ്രങ്ങളായി മാറുന്നത് സംസ്ഥാനത്തെ വിനോദസഞ്ചാരത്തെ പ്രതികൂലമായി ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിനോദസഞ്ചാര മേഖലയെ മാലിന്യമുക്തമാക്കുന്നതിന് പ്രത്യേക പദ്ധതികൾ തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പുനരുപയോഗം സാധ്യമല്ലാത്ത വസ്തുക്കളുടെ വ്യാപാരവും വിപണനവും ഉപയോഗവും നിയന്ത്രിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) ഇല്ല.

(സി)ഇല്ല. വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പുവരുത്തുന്നതിന് ജില്ലാടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖാന്തരം കുടുംബശ്രീയുമായി സഹകരിച്ച് "Clean Destination Campaign" എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കോവളം, മൂന്നാർ, കുമ്പളങ്ങി പഞ്ചായത്ത്, വർക്കല എന്നീ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വിവിധ N.G.O.കളുമായി സഹകരിച്ചുകൊണ്ടുള്ള മാലിന്യ നിർമ്മാർജ്ജന പദ്ധതികൾ നടത്തിവരുന്നു. കൂടാതെ ആലപ്പുഴ, കുമരകം എന്നിവിടങ്ങളിലെ കായലോര ജലാശയങ്ങളിലെ മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിനായി മാലിന്യ സംസ്കരണ പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly